ഭരണഭാഷ – മാതൃഭാഷ


## വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം

മൂന്നാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695033

ഫോൺ: 0471-2302722, ഇ-മെയിൽ : industriesdirectorate@gmail.com


നം: DIC/3007/2021-EE2 തീയതി: 07-05-2024

### സർക്കുലർ

വിഷയം:- വ്യവസായം - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി **SCORE** സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സർക്കാർ ഉത്തരവ് (സാധാ ) നം. 3113/2021/പൊ.ഭ.വ. തീയതി 18.08.2021.

2) ഈ ഓഫീസിൽ നിന്നുള്ള 08.01.2020, 29.12.2021, 28.01.2022, 06.10.2022, 08.11.2022, 12.01.2023, 21.07.2023 തീയതികളിലെ സർക്കുലറുകൾ

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടുന്ന എല്ലാ ജീവനക്കാരും തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി **SCORE (www.score.kerala.gov.in)** സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കണമെന്ന് നിരവധി സർക്കുലറുകൾ മുഖേന നിർദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും, ടി നിർദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ജീവനക്കാരും കൃത്യമായി പാലിക്കുന്നതായി കാണുന്നില്ല.

വിവിധ തസ്തികകളിൽ ഈ വർഷത്തിൽ സർക്കാർ തീരുമാനത്തിന് വിധേയമായി നിലവിൽ വരാൻ സാധ്യതയുള്ള ഒഴിവുകളിലേക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ട സാഹചര്യത്തിൽ, ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അടിയന്തിരമായി ലഭ്യമാകേണ്ടതുണ്ട്. ആയതിനാൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടുന്ന എല്ലാ ജീവനക്കാരും 31.12.2023 വരെയുള്ള കാലയളവുകളിലെ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ **SCORE (www.score.kerala.gov.in)** സോഫ്റ്റ്‌വെയർ മുഖേന അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കുക എന്നത് ജീവനക്കാരന്റെ ഉത്തരവാദിത്തമാണ്. ആയതിൽ വീഴ്ച വരുത്തുന്നത് കാരണം സ്ഥാനകയറ്റം ലഭ്യമാകാത്ത സാഹചര്യം ഉണ്ടായാൽ അതിന് ബന്ധപ്പെട്ട ജീവനക്കാരൻ മാത്രം ആയിരിക്കും ഉത്തരവാദി. സ്ഥാനകയറ്റത്തിന് പരിഗണിക്കുന്ന ഉദ്യോഗസ്ഥരുടെ പരിഗണന കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ലെങ്കിൽ ടി ജീവനക്കാരെ DPC ക്കുള്ള പ്രോപ്പോസലിൽ ഉൾപ്പെടുത്തുന്നതല്ല. ഈ വിഷയത്തിൽ ഇനി മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല.

ജീവനക്കാർ സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി മൂല്യനിർണ്ണയം നടത്താതെ റിപ്പോർട്ടിങ് / റിവ്യൂയിംഗ് ഓഫീസർമാർ അകാരണമായി വൈകിപ്പിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയത് ബന്ധപ്പെട്ട റിപ്പോർട്ടിംഗ്/റിവ്യൂയിംഗ് ഓഫീസർമാരുടെ വീഴ്ചയായി കണ്ട് നടപടി സ്വീകരിക്കുന്നതായിരിക്കും.

എല്ലാ ഓഫീസ് മേധാവികളും തങ്ങളുടെ ഓഫീസിലെ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും സബ് ഓഫീസുകൾക്കും ഈ സർക്കുലറിന്റെ പകർപ്പ് നൽകി കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതും, ജീവനക്കാർ കണ്ട് ബോധ്യപ്പെട്ടതിന്റെ വിവരം സാക്ഷ്യപ്പെടുത്തി ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

Signed by
S. Harikishore I A S
Date: 07-05-2024 14:11:15
S. HARIKISHORE I A S
DIRECTOR

സ്വീകർത്താവ്
1) കയർ വികസന ഡയറക്ടർ, കയർ വികസന ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
2) കൈത്തറി വസ്ത്ര ഡയറക്ടർ, കൈത്തറി വസ്ത്ര ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
3) എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മനേജർമാർക്കും
4) ഡെപ്യൂട്ടി ഡയറക്ടർ സി.എഫ്.എസ്.സി ചങ്ങനാശേരി
5) അസ്സിസ്റ്റന്റ് ഡയറക്ടർ, സി.എഫ്.എസ്.സി മഞ്ചേരി
6) ഈ ഓഫീസിലെ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
7) ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി. സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)